# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
## ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി :
## 2019 നവംബർ 02 ശനി

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# Web: www.prd.kerala.gov.in.
# E-mail.diothrissur@gmail.com.

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

# പൊതുസേവന വാഹനങ്ങളിൽ അപായ ബട്ടൺ സംവിധാനം നിർബന്ധമാക്കും: മന്ത്രി എ.കെ. ശശീന്ദ്രൻ

പുതിയ മോട്ടോർ വാഹന നിയമപ്രകാരം നിരത്തുകളിൽ ഓടുന്ന എല്ലാ പൊതുസേവന വാഹനങ്ങളിലും വെഹിക്കിൾ ലൊക്കേഷൻ ട്രാക്കർ ഡിവൈസ് ആൻഡ് പാനിക് ബട്ടൺ സംവിധാനം നിർബന്ധമാക്കിയതായി ഗതാഗത വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ പറഞ്ഞു. ഈ അപായ ബട്ടൺ സംവിധാനം സംസ്ഥാനത്ത് പ്രവർത്തന സജ്ജമായിവരുന്നു. തൃശൂർ രാമവർമ്മപുരം പോലീസ് അക്കാദമിയിൽ അസിസ്റ്റൻറ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെ 11-ാമത് ബാച്ചിന്റെ പാസിംഗ് ഔട്ട് പരേഡിൽ കേഡറ്റുകളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

യാത്രക്കാർക്കും പൊതുജനങ്ങൾക്കും അപായ ബട്ടൺ സംവിധാനം ഉപയോഗിച്ച് ആംബുലൻസ്, ഫയർ, പോലീസ്, മോട്ടോർ വാഹന വകുപ്പ്, ദുരന്ത നിവാരണ സേന തുടങ്ങി വിവിധ സർക്കാർ സംവിധാനങ്ങളിലേക്ക് ഒരേസമയം മുന്നറിയിപ്പ് നൽകാൻ കഴിയും. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ച സഹായ സേവനങ്ങൾ അടിയന്തിര ഘട്ടങ്ങളിൽ താമസംവിനാ എത്തിക്കാൻ ഇതുവഴി കഴിയും. ഇതര സർക്കാർ വകുപ്പുകൾക്ക് വാഹനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാനും ഇതുവഴി കഴിയുമെന്നും മന്ത്രി പറഞ്ഞു.

റോഡപകടങ്ങൾ, കുറക്കാനായി നടപ്പിലാക്കുന്ന സേഫ് കേരള പദ്ധതിയുടെ ഭാഗമായി ജി.പി.എസ്, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് തിരിച്ചറിയൽ സംവിധാനം എന്നിവ സംസ്ഥാനത്ത് നടപ്പിലാക്കുകയാണ്. റോഡ് സുരക്ഷ ഉറപ്പാക്കാൻ ഡ്രൈവിംഗ് ടെസ്റ്റുകളും വാഹനക്ഷമതാ പരിശോധനകളും ഡിജിറ്റൽ ട്രാക്കിലേക്ക് മാറിവരുന്നു. വാഹന പരിശോധനയ്ക്കായുള്ള ഇ-ചലാൻ, മൊബൈൽ പി.ഒ.എസ് മെഷീനുകൾ തുടങ്ങിയ ഡിജിറ്റൽ പരിശോധന സംവിധാനങ്ങളും മോട്ടോർ വാഹന വകുപ്പിന്റെ ഭാഗമാവും.

ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ഉപയോഗിച്ചുള്ള വാഹന പരിശോധന വഴി ഹെൽമെറ്റ്, സീറ്റ് ബെൽറ്റ് ഇവ ധരിച്ചിട്ടുണ്ടോ എന്നതടക്കം അറിയാൻ കഴിയും. ഇതിന് വാഹനങ്ങൾ തടഞ്ഞുനിർത്തി പരിശോധിക്കേണ്ടി വരുന്നില്ലെന്നതിനാൽ ഗതാഗത തടസ്സം ഒഴിവാക്കാം. പൊതുജനത്തിന് ബുദ്ധിമുട്ടില്ലാത്ത രീതിയിൽ വാഹന പരിശോധന നടത്താനുമാവും.

ചെക്ക് പോസ്റ്റുകൾക്ക് മുമ്പായി റോഡുകളിൽ സെൻസർ ഘടിപ്പിച്ച ഭാരംതൂക്കൽ സംവിധാനവും ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് തിരിച്ചറിയൽ സംവിധാനവും ഉടൻ നടപ്പിലാക്കും. ഇവ ഉപയോഗിച്ച് അമിതഭാരം ഉൾപ്പെടെ വാഹനത്തിന്റെ എല്ലാ വിവരങ്ങളും അറിയാനാവും. ഇതോടെ സംശയമുള്ള വാഹനങ്ങൾ മാത്രം നിർത്തി പരിശോധന നടത്തിയാൽ മതിയാവും. ചെക്ക് പോസ്റ്റുകളിലെ ഗതാഗത തടസ്സം കുറയ്ക്കാനും സമയം ലാഭിക്കാനും കഴിയുമെന്നും മന്ത്രി പറഞ്ഞു. പരേഡ് പരിശോധിച്ച മന്ത്രി സല്യൂട്ട് സ്വീകരിച്ചു.

ഒരു വനിതയടക്കം 85 അസിസ്റ്റൻറ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരാണ് പരിശീലനം പൂർത്തിയാക്കി പാസിംഗ് ഔട്ട് പരേഡിൽ ശനിയാഴ്ച അണിനിരന്നത്. ഇവർ ഇനി സേഫ് കേരളയുടെ ഭാഗമായ 85 വാഹന പരിശോധന സ്ക്വാഡുകളിൽ സേവനമനുഷ്ഠിക്കും. നാല് മാസത്തെ പരിശീലനത്തിൽ മികച്ച ഓൾറൗണ്ടറായി തിരുവനന്തപുരം തിരുവല്ലത്തെ വി. വിജേഷ്, മികച്ച ഇൻഡോർ കാഡറ്റ് ആയി എറണാകുളം ആലുവ മഞ്ഞപ്രയിലെ ഷിബു വർക്കി, മികച്ച

ഔട്ട്ഡോർ കാഡറ്റായി തൃശൂർ കൊടുങ്ങല്ലൂരിലെ ടി.ബി. ബിഭീഷ് ബാബു എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. സിൻസിയറിറ്റി ആൻഡ് ഡെഡിക്കേഷൻ ട്രോഫിക്ക് കൊല്ലം ഈസ്റ്റ് കല്ലടയിലെ എസ്. ജിപ്സൺ അർഹനായി. മികച്ച കേഡറ്റുകൾക്ക് മന്ത്രി ഉപഹാരം നൽകി. ചടങ്ങിൽ ട്രാൻസ്പോർട്ട് കമീഷണർ ആർ. ശ്രീലേഖ, ഡിഐജി ട്രെയിനിംഗ് അനൂപ് കുരുവിള ജോൺ തുടങ്ങിയവരും പങ്കെടുത്തു.

## സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം: മീഡിയാ സെൻറർ കുന്നംകുളം ഗവ. മോഡൽ ബോയ്സിൽ

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന്റെ മീഡിയാ സെൻറർ കുന്നംകുളം ഗവ. മോഡൽ ബോയ്സ് ഹയർ സെക്കൻഡറി സ്കൂളിൽ സജ്ജീകരിച്ചു. മാധ്യമ പ്രവർത്തകർക്ക് കമ്പ്യൂട്ടറുകൾ ഉപയോഗിച്ച് വാർത്ത തയ്യാറാക്കുന്നതിനും ഇന്റർനെറ്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങളും ഇവിടെയുണ്ട്.

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന്റെ മത്സര ഫലങ്ങളെ കുറിച്ചുള്ള വിശദാംശങ്ങൾ എല്ലാ ദിവസവും ഉച്ചയ്ക്ക് രണ്ടു മണിക്കു ശേഷം രെവീീഹമെ്യ്രേീഹമ്മ്ാ.ശി എന്ന വെബ് സൈറ്റിൽ നിന്നും ലഭിക്കും. ടി. ജെ ഐസക് ആണ് മീഡിയ പബ്ലിസിറ്റി ചാർജ് വഹിക്കുന്നത്. ഫോൺ: 9961686821.

## സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം: മന്ത്രി പ്രധാന പന്തൽ സമർപ്പണം നടത്തി

കുന്നംകുളത്ത് ഞായറാഴ്ച ആരംഭിക്കുന്ന സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന്റെ പ്രധാന പന്തൽ സമർപ്പണ ഉദ്ഘാടനം തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് ഹയർ സെക്കൻഡറി സ്കൂളിൽ നിർവഹിച്ചു. കുന്നംകുളം നഗരസഭ ചെയർ പേഴ്സൻ സീതാ രവീന്ദ്രൻ അധ്യക്ഷത വഹിച്ചു. നഗരസഭ സ്ഥിരം സമിതി അധ്യക്ഷരായ സുമ ഗംഗാധരൻ, മിഷ സെബാസ്റ്റ്യൻ, കെ. കെ മുരളി, പന്തൽ കമ്മറ്റി കൺവീനർ സി വി രാജീവൻ, എൻ ടി യു സംസ്ഥാന സെക്രട്ടറി ടി. അനൂപ് കുമാർ, ബഥനി സ്കൂൾ മാനേജർ ഫാ. സോളമൻ, എ സി പി ടി.എസ് സനോജ് എന്നിവർ പങ്കെടുത്തു.

## റവന്യു ജില്ലാ സ്കൂൾ കലാകായികമേളകളുടെ തീയതികൾ പുതുക്കി

റവന്യു ജില്ലാ സ്കൂൾ കലാകായികമേളകളുടെ തിയതികൾ പുതുക്കി നിശ്ചയിച്ചു. കായിക മേള നവംബർ 11,12,13 തിയതികളിൽ ചാലക്കുടി കാർമൽ ഹയർസെക്കണ്ടറി സ്കൂൾ, ഇരിങ്ങാല ക്കുട ക്രൈസ്റ്റ് കോളേജ് എന്നീ വേദികളിലും ജില്ലാ സ്കൂൾ കലോത്സവം നവംബർ 19,20,21,22 തിയതികളിൽ ഗുരുവായൂരിൽ നടക്കും. ഗുരുവായൂർ, ചാവക്കാട് നഗരസഭകൾ ആതിഥ്യമരുളുന്ന കലോത്സവത്തിന്റെ മുഖ്യവേദി ഗുരുവായൂർ ശ്രീകൃഷ്ണ ഹയർസെക്കണ്ടറി സ്കൂളാണ്. ചാവ ക്കാട് ഗവ.ഹയർസെക്കണ്ടറി സ്കൂൾ, ലിറ്റിൽ ഫ്ളവർ എച്ച്.എസ്.എസ്.മമ്മിയൂർ, എ.യു.പി.എസ് ഗുരുവായൂർ, ജി.യു.പി.എസ്.ഗുരുവായൂർ, ടൗൺഹാൾ ഗുരുവായൂർ എന്നിവിടങ്ങളിലാണ് മറ്റു വേദികൾ.

## റവന്യു ജില്ലാ കലോത്സവം: ലോഗോ ക്ഷണിച്ചു

തൃശൂർ റവന്യു ജില്ലാ സ്കൂൾ കലോത്സവ ലോഗോ ക്ഷണിക്കുന്നു. ലോഗോ ലഭിക്കേണ്ട അവസാന തീയതി നവംബർ 5 ആണ്. ജെപിഇജി ഫോർമാറ്റിൽ(ഫോട്ടോ) ആയാണ് ലോഗോ ലഭിക്കേണ്ടത്. santhoshemmatty @gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ ലോഗോ അയ ക്കണം. കൂടുതൽ വിവരങ്ങൾക്ക് സന്തോഷ് ടി.ഇമ്മട്ടി പബ്ലിസിറ്റി കൺവീനർ, ഫോൺ 9446545423.

# കിഫ്ബി: 32.89 കോടി രൂപ ചെലവിൽ എടക്കുന്നി റോഡ് നിർമ്മാണം പുരോഗമിക്കുന്നു

കിഫ്ബി 2016-17 പദ്ധതിയലുൾപ്പെടുത്തി 32.89 കോടി രൂപ ചെലവഴിച്ച് നവീകരിക്കുന്ന എടക്കുന്നിറോഡ് നിർമ്മാണം പുരോഗമിക്കുന്നു. ജില്ലയിലെ ഒല്ലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എടക്കുന്നി റോഡ് മണ്ണുത്തി ജംഗ്ഷനിൽ നിന്ന് തുടങ്ങി കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ സംസ്ഥാന പാതയിലൂടെ പൂച്ചിന്നിപ്പാടം ജംഗ്ഷനിൽ അവസാനിക്കുന്നു. ഇത് ദേശീയപാത 544 നെയും സംസ്ഥാനപാത 22നെയും ബന്ധിപ്പിക്കുന്നു. തൃശൂർ പൊതുമരാമത്ത് റോഡ്സ് ഡിവിഷന്റെ കീഴിലുള്ള മേജർ ജില്ലാ റോഡാണിത്. തൃശൂർ കോർപ്പറേഷനിലൂടെ പുത്തൂർ വഴി ഈ റോഡ് കടന്നു പോകുന്നു. വെറ്ററിനറി കോളേജ്, കുട്ടനെല്ലൂർ ഗവ. കോളേജ്, പടവരാട് പള്ളി, ഒല്ലൂർ റെയിൽവേ സ്റ്റേഷൻ എന്നിവയെല്ലാം ഈ ഭാഗത്താണ്. വി.ഐ.പി.സന്ദർശന വേളകളിൽ കുട്ടനെല്ലൂർ ഗവ.കോളേജിലെ ഹെലിപ്പാഡിൽ നിന്ന് വി.ഐ.പികളെ ആനയിക്കുന്നത് ഈ റോഡ് വഴിയാണ്.

7850 മീറ്റർ നീളമുള്ള ഈ റോഡ് ശരാശരി ഏഴ് മീറ്റർ വീതിയിൽ നൂതന സാങ്കേതിക വിദ്യയായ ഡിബിഎം ആന്റ് ബി സി ഉപയോഗിച്ചാണ് അഭിവൃദ്ധിപ്പെടുത്തുന്നത്. ആവശ്യമായ ഇടങ്ങളിൽ കാനകളും, യൂട്ടിലിറ്റി ഡക്റ്റുകളും, ക്രോസ് ഡക്റ്റുകളും, കൾവർട്ടുകളും നിർമ്മിച്ചിരിക്കുന്നു. ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങളും, ബസ് ഷെൽറ്ററുകളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രധാന ജംഗ്ഷനുകളായ ഒല്ലൂരും, കുട്ടനെല്ലൂരും ഇന്റർലോക്ക് കട്ടകൾ പാകുന്നതും ഫുട്പാത്തിൽ ടൈലുകൾ പതിക്കുന്നതും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശരാശരി 5.50 മീറ്റർ വീതിയുള്ളതും ഗതാഗത തിരക്കേറിയ ഈ റോഡ് ബിറ്റുമിനസ് മക്കാഡവും ബിറ്റുമിനസ് കോൺക്രീറ്റും ഉപയോഗിച്ചാണ് നിർമ്മിക്കുന്നത്.

# വനഗവേഷണ കേന്ദ്രത്തിൽ പ്രൊജക്ട് ഫെല്ലോ ഒഴിവ്

പീച്ചി വന ഗവേഷണ കേന്ദ്രത്തിൽ പ്രൊജക്ട് ഫെല്ലോയുടെ ഒഴിവുകളിലേക്ക് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. രണ്ട് വിഷയങ്ങളിലായി 7 ഒഴിവുകളാണുള്ളത്. പ്രൊജക്ട് ഫെല്ലോ(1) യോഗ്യത-ബോട്ടണി/ഫോറസ്ട്രി/ഇക്കോളജി/എൻവയോൺമെന്റൽ സയൻസ്/വൈൽഡ് ലൈഫ് ബയോളജി/സുവോളജി ഇവയിൽ ഏതെങ്കിലും വിഷയത്തിലുള്ള ഒന്നാംക്ലാസ് ബിരുദാനന്തര ബിരുദം. വനമേഖലയിൽ ഫീൽഡ് പരിചയം, യുജിസി, സി.എസ്.ഐ.ആർ നെറ്റ് ഉള്ളവർക്ക് മുൻഗണന. പ്രിതിമാസം 22,000 രൂപ ഫെല്ലോഷിപ്പ് ലഭിക്കും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ നവംബർ 11 രാവിലെ 10ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം വനഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന എഴുത്തു പരീക്ഷയിലും അഭിമുഖത്തിനും പങ്കെടുക്കണം.

പ്രൊജക്ട് ഫെല്ലോ(2), യോഗ്യത-അപ്ലൈഡ് ഇക്കണോമിക്സിലുള്ള ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദം. 2-3 വർഷം റിസർച്ച്/എൻവയൺമെന്റ് ഇക്കണോമിക്സിൽ /ഇക്കണോമിയോ വാല്യുവേഷൻ ഓഫ് നാച്യുറൽ റിസോഴ്സസ്, ഇക്കോ സിസ്റ്റം സർവ്വീസസ്/പോളിസി/ഫോറസ്ട്രി ഉള്ളവർക്ക് മുൻഗണന ലഭിക്കും. പ്രതിമാസം 15,400 രൂപ ഫെല്ലോഷിപ്പ്. പ്രൊജക്ട് ഫെല്ലോ(3)യോഗ്യത എൻവയോൺമെന്റൽ സയൻസിലുള്ള ഒന്നാം ക്ലാസ് ബിരുദാനന്തര ബിരുദം. 2-3 വർഷം റിസർച്ച് എൺവയൺമെന്റ് ഇക്കണോമിക്സിൽ ഫീൽഡ് പരിചയം, ഇക്കണോമിയോ വാല്യുവേഷൻ ഓഫ് നാച്യുറൽ റിസോഴ്സസ്, ഇക്കോ സിസ്റ്റം സർവ്വീസസ്/പോളിസി/ഫോറസ്ട്രി ഉള്ളവർക്ക് മുൻഗണന ലഭിക്കും. പ്രായം 36 വയസ്സ് കവിയരുത്. പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് അഞ്ചും മറ്റു പിന്നോക്ക വിഭാഗക്കാർക്ക് മൂന്ന് വർഷവും വയസ്സ് ഇളവ് ലഭിക്കും. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ നവംബർ 12ന് രാവിലെ 10ന് അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം വനഗവേഷണ സ്ഥാപനത്തിൽ അഭിമുഖത്തിൽ പങ്കെടുക്കണം.

# മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

തീരദേശ മത്സ്യതൊഴിലാളികളുടെ ആരോഗ്യ സംരക്ഷണം ലക്ഷ്യമാക്കി ജില്ലാ ഫിഷറീസ് വകുപ്പ് , ആരോഗ്യ വകുപ്പ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. പെരിഞ്ഞനം സ്മാരക എസ്.എൻ.യു.പി സ്കൂളിൽ നടന്ന ക്യാമ്പ് എം എൽ എ ഇ. ടി ടൈസൺ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. പെരിഞ്ഞനം പഞ്ചായത്ത് പ്രസിഡണ്ട് കെ.കെ സച്ചിത്ത് അദ്ധ്യക്ഷത വഹിച്ചു. മതിലകം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് കെ. കെ അബീദലി മുഖ്യാതിഥിയായി. ജില്ലാ പഞ്ചായത്ത് അംഗം ബി.ജി വിഷ്ണു, വിവിധ ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു.

ഫോട്ടോ അടിക്കുറിപ്പ്: ജില്ലാ ഫിഷറീസ് വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ പെരിഞ്ഞനം സ്മാരക എസ്.എൻ.യു.പി സ്കൂളിൽ നടന്ന സൗജന്യമെഡിക്കൽ ക്യാമ്പ് എം എൽ എ ഇ. ടി ടൈസൺ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു.

# കയ്പമംഗലം കേരളോത്സവം സമാപിച്ചു

ഒരാഴ്ച്ച നീണ്ടു നിന്ന കയ്പമംഗലം പഞ്ചായത്ത് തല കേരളോത്സവത്തിന് സമാപനം. പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്ന സമാപന സമ്മേളനം സിനിമാതാരം ബിബിൻ ജോർജ്ജ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ടി.വി.സുരേഷ് ബാബു അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡൻറ് കദീജ പുതിയ വീട്ടിൽ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ അജീഷ നവാസ്, വികസന കാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ കെ.എ.സൈനുദ്ദീൻ, ക്ഷേമകാര്യ സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ലത ഭരതൻ, ബ്ലോക്ക് പഞ്ചായത്തംഗം നൂറുൽ ഹുദ, ഗ്രാമപഞ്ചായത്തംഗങ്ങൾ തുടങ്ങിയവർ സംസാരിച്ചു. അണ്ടർ 19 കേരള വോളീബോൾ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ടി.ജെ. അജ്മൽ, കേരള സ്റ്റേറ്റ് നോർത്ത് സോണൽ ജൂനിയർ വോളീബോൾ ചാമ്പ്യൻഷിപ്പ് വിജയി അജ്മൽ ജബ്ബാർ, അണ്ടർ 19 തൃശൂർ ജില്ലാ ക്രിക്കറ്റ് ടീമിലേക്ക് തിരഞ്ഞെടുത്ത മുഹമ്മദ് റിയാസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് കേരളോത്സവ മത്സര വിജയികൾക്ക് സമ്മാനദാനവും നടത്തി.

# മണ്ണ് സംരക്ഷണത്തിന് കയർ ഭൂവസ്ത്രമൊരുക്കി കയർ വികസന വകുപ്പ്

മണ്ണിനെ സംരക്ഷിക്കാൻ ഇനി കയർകൊണ്ടും ഭൂവസ്ത്രം. മണ്ണൊലിപ്പും, ജലനഷ്ടവും ഒരു പരിധി വരെ പിടിച്ചു നിർത്താൻ കേരളത്തിന്റെ സുവർണ്ണനാരായ ചകിരിയിൽ നെയ്ത ഭൂവസ്ത്രങ്ങൾ. മണ്ണിന്റെ സ്വഭാവം മെച്ചപ്പെടുത്താനും മണ്ണൊലിപ്പ് തടയാനുമായി ചകിരിനാരുകൊണ്ട് നെയ്തോ നെയ്യാതെയോ വലകെട്ടിയും ഉണ്ടാക്കുന്നതാണ് കയർ ഭൂവസ്ത്രം. ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും, കുളങ്ങളുടെയും, നദികളുടെയും സംരക്ഷണം, പാടശേഖരങ്ങളിലെ നീർച്ചാലുകളുടെ പാർശ്വഭിത്തി സംരക്ഷണം, മഴവെള്ള സംഭരണം എന്നിവയ്ക്കെല്ലാം കയർഭൂവസ്ത്രം ഉപയോഗിക്കാം. മണ്ണിനോടും പ്രകൃതിയോടും ഇണങ്ങിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമായ നിർമ്മാണ വസ്തുവാണ് കയർ ഭൂവസ്ത്രം.

കയർ ഭൂവസ്ത്രത്തെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഒരു ഉല്പ്പന്നമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളത്തിലെ കയർ വ്യവസായത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന കയർ വികസന വകുപ്പിന്റെ കീഴിലുള്ള 10 കയർ പ്രൊജക്ട് ഓഫീസുകളിലൊന്നാണ് തൃശൂർ കയർ പ്രൊജക്ട് ഓഫീസ്. ഇതിനെ തൃശൂർ, നാട്ടിക, കൊടുങ്ങല്ലൂർ, ചാവക്കാട് എന്നീ നാല് സർക്കിളുകളായി വിഭജിച്ചിട്ടുണ്ട്. നിലവിൽ 29 കയർപിരി സംഘങ്ങൾ ഉണ്ട്. 10 സംഘങ്ങളിൽ 20 എച്ച്പിഡി ഫൈബറിങ്ങ് മെഷീൻ സ്ഥാപിച്ചു. 5 യന്ത്രവൽകൃത ചകിരി ഉൽപാദക സംഘങ്ങളും ഒരു മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സംഘവും ഉണ്ട്. നിലവിൽ 16 കയർ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നു. സ്വകാര്യ മേഖലയിൽ 4 ഡി എ എഫ് മില്ലുകളും, കുടുംബശ്രീയുടെ കീഴിൽ ഒരു ഡി എ എഫ് മില്ലും ഉണ്ട്.

2018-19 വർഷത്തിൽ 253940 സ്ക്വയർ മീറ്റർ ഭൂവസ്ത്രത്തിന് ഓർഡർ ലഭിച്ചു. 2019-20 സാമ്പത്തിക വർഷത്തേക്ക് 104776 സ്ക്വയർ മീറ്റർ ഭൂവസ്ത്രത്തിന് ലഭിച്ച ഓർഡർ നൽകി വരുന്നു. ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിലെ 5 ഗ്രാമപഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന 14.7 കിലോമീറ്റർ വരുന്ന പെരുന്തോടിനെ കയർ ഭൂവസ്ത്രമണിയിച്ച് സംരക്ഷിക്കുന്ന പ്രവർത്തന ഉദ്ഘാടനം കയർ വകുപ്പ് മന്ത്രി ഡോ.തോമസ് ഐസക് നിർവഹിച്ചിരുന്നു. ഇത് വരെ 7.കി.മീ ദൂരം ഭൂവസ്ത്രം നിർമ്മിച്ചു തോടിനെ സംരക്ഷിച്ചു കഴിഞ്ഞു. ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുക ളിലെ തൊഴിലുറപ്പ് പദ്ധതിയിലൂടെ നിരവധി കയർ ഭൂവസ്ത്രപ്രവൃത്തികൾ പൂർത്തീകരിക്കും. 16 ബ്ലോക്ക് പഞ്ചായത്തുകൾ, 5 മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ എന്നിവയെല്ലാം ഇതിൽ പങ്കാളി കളാണ്.

## കയർ ഭൂവസ്ത്ര പദ്ധതികൾ: ജില്ലാതല ശിൽപ്പശാല നടത്തി

തൃശൂർ കയർ പ്രൊജക്ട് പരിധിയിൽ കയർ ഭൂവസ്ത്രം സംബന്ധിച്ച് ജില്ലാതല ഏകദിന ശിൽപ്പശാല എലൈറ്റ് ഇന്റർനാഷണൽ ഹോട്ടലിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരിതോമസ് ഉദ്ഘാടനം ചെയ്തു. മണ്ണിനെ സംരക്ഷിക്കാൻ കയർ ഭൂവസ്ത്രം എന്ന നൂതന സംരംഭത്തെ ആസ്പദമാക്കിയാണ് ശിൽപ്പശാല നടന്നത്. കയർ വികസന വകുപ്പും ജില്ലാ കയർ പ്രൊജക്ട് ഓഫീസും സംയുക്തമായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. ജില്ലയിൽ 12 കോടി രൂപ വരുന്ന കയർ ഭൂവസ്ത്ര പദ്ധതികൾ നടപ്പിലാക്കും. 86 ഗ്രാമ പഞ്ചായത്തുകൾ, 16 ബ്ലോക്ക് പഞ്ചായത്തു കൾ, 5 മുനിസിപ്പാലിറ്റികൾ, കോർപ്പറേഷൻ, താലൂക്കുകൾ എല്ലാം തന്നെ ഈ സംരംഭത്തിൽ പങ്കാളികളാണ്. ഇവിടങ്ങളിലെല്ലാം തൊഴിലുറപ്പ് പദ്ധതിയിലൂടെ കയർ ഭൂവസ്ത്ര പദ്ധതികൾ പൂർത്തീകരിക്കും. ശിൽപ്പശാലയിൽ കയർ ഭൂവസ്ത്ര പദ്ധതി അവലോകനം, കയർ ഭൂവസ്ത്ര വിതാനത്തിലെ സാങ്കേതിക വശങ്ങൾ, തൊഴിലുറപ്പ് പദ്ധതിയും, കയർ ഭൂവസ്ത്ര സംയോജന സാധ്യതകളും തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ എടുത്തു. ജില്ലാ കയർ പ്രൊജക്ട് ഓഫീസ് അസിസ്റ്റന്റ് രജിസ്ട്രാർ വെങ്കിടേശ്വരൻ, പ്രൊജക്ട് ഓഫീസർ സി.ആർ സോജൻ, എം.ജി എൻ.ആർ ഇ.ജി.എസ് ജോയിന്റ് പ്രോഗ്രാം കോ-ഓഡിനേറ്റർ ബാലഗോപാലൻ പി.സി, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ഉദ്യോഗസ്ഥൻ അരുൺ ചന്ദ്രൻ, ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടുമാർ, സെക്രട്ടറിമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനീയർമാർ, ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

## മാള ഗ്രാമ പഞ്ചായത്ത് : കർഷക ദിനാഘോഷം

മാള ഗ്രാമപഞ്ചായത്ത് സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മാള കൃഷിഭവൻ എന്നിവയുടെ ആഭിമുഖ്യത്തിൽ കർഷകദിനാഘോഷം സംഘടിപ്പിച്ചു. ബ്ലോക്ക്പഞ്ചായത്ത് പ്രസിഡൻറ് ഇ. കേശവൻ കുട്ടി കർഷകദിനാഘോഷം ഉദ്ഘാടനം ചെയ്തു .പ്രസിഡന്റ് ശോഭ സുഭാഷ് അധ്യക്ഷത വഹിച്ചു. കൃഷി അസിസ്റ്റന്റ് ഡയറക്ടർ പി എഫ് ഷേർലി പദ്ധതി വിശദീകരണം നടത്തി. ജില്ലാ പഞ്ചായത്ത് അംഗം നിർമ്മൽ സി പത്താടൻ, പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ഗൗരി ദാമോദരൻ ബ്ലോക്ക് സ്ഥിരം സമിതി അധ്യക്ഷൻ ടി പി രവീന്ദ്രൻ, പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷൻ മാരായ വിനീത സദാനന്ദൻ, രാധാ ഭാസ്കരൻ, ബിജു റുമീസ്, കൃഷി ഓഫീസർ സി. ബി. അജിത്ത് തുടങ്ങിയവർ ആശംസകൾ നേർന്നു. ജൈവ രീതിയിലുള്ള രോഗകീടനിയന്ത്രണം പച്ചക്കറികൃഷിയിൽ എന്ന വിഷയത്തിൽ ലിറ്റി തോമസ് ക്ലാസെടുത്തു. അരുൺ പത്മനാഭൻ കർഷകർക്കുള്ള മൊറട്ടോറിയം സംബന്ധിച്ചുള്ള ബോധവൽക്കരണ ക്ലാസ്സെടുത്തു. 2019-2020 വർഷത്തെ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മികച്ച കർഷകരെ ആദരിച്ചു.

## കാൻ തൃശൂർ കയ്പമംഗലത്ത് സ്ക്രീനിംഗ് ക്യാമ്പ് നടത്തി

തൃശൂർ ജില്ലാ പഞ്ചായത്തിന്റെ കാൻസർ രഹിത തൃശൂർ(കാൻ) പദ്ധതിയ്ക്ക് കയ്പമംഗലത്ത് തുടക്കം. ഇതിന്റെ ഭാഗമായി കയ്പമംഗലം ഹിറാ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ

സൗജന്യ സ്ക്രീനിംഗ് ക്യാമ്പ് നടത്തി. ക്യാമ്പുകളിൽ പങ്കെടുത്ത 414 പേരിൽ നിന്ന് തെരഞ്ഞെടുത്ത 65 പേരെ വിദഗ്ധ പരിശോധനയ്ക്ക് നിർദേശിച്ചു. വിവിധ വിഭാഗങ്ങളിലായി ഡോക്ടർമാർ നടത്തിയ പരിശോധനയിൽ നിന്നാണ് ഇവർക്ക് തുടർപരിശോധന നിർദേശിച്ചത്. സ്ത്രീരോഗവിഭാഗം, ജനറൽ സർജറി വിഭാഗം, ത്വക്ക് രോഗവിഭാഗം, ഇഎൻടി, കുട്ടികളുടെ വിഭാഗം,ദന്തരോഗവിഭാഗം,മറ്റുവിഭാഗങ്ങൾ എന്നിങ്ങനെയായിരുന്നു പരിശോധന. സ്ത്രീരോഗവിഭാഗത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടവരുടെ പാപ്സ്മിയർ ശേഖരിച്ചു. സ ്കാനിംഗ്,മാമോഗ്രാം എന്നീ വിദഗ്ധ പരിശോധനയ്ക്കായും റഫർ ചെയ്തിട്ടുണ്ട്. തുടർപരിശോധനയിൽ ക്യാൻസർ സ്ഥിരീകരിക്കുന്ന വ്യക്തികൾക്ക് പദ്ധതിയിലൂടെതന്നെ സൗജന്യമായി മുഴുവൻ ചികിത്സ നൽകും.

സർക്കാർ ആശുപത്രികളിലും, സ്വകാര്യാശുപത്രികളിലെ സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് സൗജന്യചികിത്സ നൽകുക. ജില്ലാ പഞ്ചായത്ത്, ജില്ലാ ആരോഗ്യവകുപ്പ് എന്നിവ സംയുക്തമായി നേതൃത്വം നൽകി ജില്ലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സംയോജിത ക്യാൻസർ രോഗനിയന്ത്രണ പരിപാടിയാണ് കാൻ തൃശ്ശൂർ. പദ്ധതിയുടെ ആദ്യപടിയായി പഞ്ചായത്തിൽ പരിശീലനം ലഭിച്ച വോളണ്ടിയർമാരുടെ സഹായത്തോടെ സർവേ നടത്തിയാണ് രോഗം സംശയിക്കുന്നപ്പെടുന്നവർക്കായി ക്യാമ്പ് സംഘടിപ്പിച്ചത്. രാവിലെ നടന്ന സ്ക്രീനിങ് ക്യാമ്പ് ഇ.ടി. ടൈസൺ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. കയ്പമംഗലം പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഖദീജ പുതിയവീട്ടിൽ അധ്യക്ഷത വഹിച്ചു. ജൂനിയർ അസിസ്റ്റന്റ് മെഡിക്കൽ ഓഫീസർ കാവ്യ വിഷയാവതരണം നടത്തി. പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ലതാ ഭരതൻ, വാർഡ് മെമ്പർ സുഭാഷ് കൊച്ചുവീട്ടിൽ, സ്കൂൾ മാനേജർ ലത ഭരതൻ എന്നിവർ പങ്കെടുത്തു.

## കുടിവെള്ള പി വി സി ടാങ്ക് വിതരണം ചെയ്തു

താന്ന്യം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പി വി സി ടാങ്ക് വിതരണം ചെയ്തു. 2019-20 വാർഷിക പദ്ധതിയിൽ 1.85 ലക്ഷം രൂപ വകയിരുത്തി പട്ടികജാതി വിഭാഗത്തിൽപെട്ട 75 ഗുണഭോക്താക്കൾക്കാണ് 75 ശതമാനം സബ്സിഡിയിൽ ഒന്നാം ഘട്ടം വാട്ടർ ടാങ്ക് വിതരണം ചെയ്തത്. രണ്ടാം ഘട്ടത്തിൽ 48 ഗുണഭോക്താക്കൾക്ക് കൂടി വാട്ടർടാങ്ക് വിതരണം ചെയ്യും. ടാങ്ക് വിതരണോൽഘാടനം പഞ്ചായത്ത് പ്രസിഡന്റ് പി എസ് രാധാകൃഷ്ണൻ നിർവഹിച്ചു. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ ശോഭ രാജീവ് അധ്യക്ഷയായി. മെമ്പർമാരായ ഒ എസ് അഷ് റഫ്, സുഭദ്ര രവി, ശുഭ സുരേഷ്, ജൂനിയർ സൂപ്രണ്ട് ബിന്ദു എന്നിവർ പങ്കെടുത്തു. അസിസ്റ്റന്റ് സെക്രട്ടറി ജോയ് സ്വാഗതവും സെക്രട്ടറി പി വി സാബു നന്ദിയും പറഞ്ഞു.

## കർഷകദിനാഘോഷം സംഘടിപ്പിച്ചു

പൊയ്യ ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെയും സർവീസ് സഹകരണ ബാങ്കിന്റെയും ആഭിമുഖ്യത്തിൽ കർഷകദിനാഘോഷം സംഘടിപ്പിച്ചു. പൂപ്പത്തി എ കെ തോമസ് മാസ്റ്റർ സ്മാരക ഹാളിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഇ. കേശവൻകുട്ടി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സിജി വിനോദ് അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം നിർമ്മൽ സി പാത്താടൻ, വൈസ് പ്രസിഡന്റ് സിബി ഫ്രാൻസിസ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ പി എം അയ്യപ്പൻകുട്ടി, ബ്ലോക്ക് പഞ്ചായത്ത് അംഗം ജയ ചന്ദ്രൻ തുടങ്ങിയവർ ആശംസകൾ നേർന്നു. കൃഷി ഓഫീസർ ഷബ്നാസ് പടിയത്ത് സ്വാഗതവും കൃഷി അസിസ്റ്റന്റ് സുനിൽ രാജ് നന്ദിയും പറഞ്ഞു. 2018-19, 2019-20 എന്നീ വർഷങ്ങളിലെ മികച്ച കർഷകരെ ചടങ്ങിൽ ആദരിച്ചു. കർഷക സെമിനാർ, നാട്ടരങ് കലാപരിപാടികൾ എന്നിവ നടന്നു.

## ജനങ്ങളുടെ പങ്കാളിത്തത്തോടെയാണ് വികസന പ്രവർത്തനങ്ങൾ നടക്കേണ്ടത് : മന്ത്രി എ.സി. മൊയ്തീൻ

ജനപങ്കാളിത്തത്തോട് കൂടിയാണ് വികസന പ്രവർത്തനങ്ങൾ നടക്കേണ്ടതെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ.സി. മൊയ്തീൻ പറഞ്ഞു. വടക്കാഞ്ചേരി നഗരസഭയുടെ ആഭിമുഖ്യത്തിൽ നടന്ന 'മാസ്റ്റർ പ്ലാൻ ജനസമക്ഷം സമർപ്പണം' പരിപാടി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം കണ്ടെത്തുക മാത്രമല്ല പണത്തിന്റെ സുതാര്യമായ വിനിയോഗത്തിന് ജനങ്ങളുടെ കൂടി പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. പുതുതായി രൂപീകരിച്ച 28 നഗരസഭകളിൽ ജനപങ്കാളിത്തത്തോടു കൂടി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയ ആദ്യ നഗരസഭയാണ് വടക്കാഞ്ചേരി നഗരസഭ. നഗരസഭ രൂപീകരിച്ച് നാല് വർഷം പിഞ്ഞിടുമ്പോൾ 20 വർഷത്തെ വികസന പരിപ്രേക്ഷ്യമാണ് മാസ്റ്റർ പ്ലാനിൽ വടക്കാഞ്ചേരി നഗരസഭ ഉൾപ്പെടുത്തിയിരിക്കുന്നത്. നഗരസഭ ഗ്രാമാസൂത്രണ വകുപ്പ് - തൃശ്ശൂർ ജില്ലാ ടൗൺ പ്ലാനർ കെ.ആർ. രാജീവിന്റെ നേതൃത്വത്തിലാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്. നഗര, ഗ്രാമപ്രദേശങ്ങളുടെ ക്രമാനുഗതമായ വികസനത്തിന് അനുസൃതമായാണ് നഗരാസൂത്രണം നിർവ്വഹിക്കപ്പെടുന്നത്.

ഭൂമിയുടെ സ്വഭാവത്തിന് അനുസരിച്ച് പരമാവധി ഭൂ ഉപയോഗം പ്രോത്സാഹിപ്പിക്കുക നഗരസഭാ നിവാസികളുടെ കുടിവെള്ളം, ഭക്ഷണം, താമസം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും വിനോദം, വ്യവസായം, വാണിജ്യം, സേവനം തുടങ്ങിയ ഭൂമിയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ നിറവേറ്റുക, അമിതമായ ജനവാസ കേന്ദ്രീകരണം, ഗതാഗതക്കുരുക്ക് തുടങ്ങിയവ ഒഴിവാക്കുക, മെച്ചപ്പെട്ട ഗതാഗതം, മാലിന്യ നിർമ്മാർജ്ജനം, ജലവിതരണം, വിദ്യാഭ്യാസ സൗകര്യങ്ങൾ തുടങ്ങിയ പൊതുസേവനങ്ങൾ നടപ്പിലാക്കുക പൊതു ആരോഗ്യം, സുരക്ഷ, സാമൂഹ്യക്ഷേമം എന്നിവ കാത്തു സൂക്ഷിക്കുക എന്നിവയാണ്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രധാന ലക്ഷ്യങ്ങൾ എന്നും സുസ്ഥിരവും സമഗ്രവുമായ വികസനത്തിലേക്കുള്ള പടവുകളാണ് ദീർഘവീക്ഷണത്തോടു കൂടി തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ആലത്തൂർ എം.പി. രമ്യ ഹരിദാസ് മുഖ്യാതിഥിയായി. വടക്കാഞ്ചേരി എം.എൽ.എ. അനിൽ അക്കര മുഖ്യ പ്രഭാഷണം നടത്തി. വടക്കാഞ്ചേരി നഗരസഭ ചെയർപേഴ്സൺ ശിവപ്രിയ സന്തോഷ് അദ്ധ്യക്ഷത വഹിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ മാസ്റ്റർ പ്ലാൻ വിശദീകരണം നിർവ്വഹിച്ചു. വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് എസ്. ബസന്ത് ലാൽ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ എൻ.കെ. പ്രമോദ് കുമാർ, എം.ആർ. സോമനാരായണൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ലൈല നസീർ, ജയപ്രീത മോഹൻ, ടി.എൻ. ലളിത ടീച്ചർ എന്നിവർ വടക്കാഞ്ചേരി നഗരസഭ വൈസ് ചെയർമാൻ എം.ആർ. അനൂപ് കിഷോർ സ്വാഗതവും സെക്രട്ടറി മുഹമ്മദ് അനസ് നന്ദിയും പറഞ്ഞു.

# മട്ടുപ്പാവിൽ മുട്ടക്കോഴി പദ്ധതി

താന്ന്യം ഗ്രാമപഞ്ചായത്തിൽ മട്ടുപ്പാവിൽ മുട്ടക്കോഴി വളർത്തൽ പദ്ധതി ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിന്റെ 2019-20 വനിതാ ഘടക പദ്ധതിയിലുൾപ്പെടുത്തി 44 വനിതകൾക്കായാണ് പദ്ധതിയിലൂടെ മുട്ടക്കോഴി കുഞ്ഞുങ്ങളേയും കൂടും വിതരണം ചെയ്തത്. 3500 രൂപ വിലവരുന്ന 40 ദിവസം പ്രായമായ പത്തു കോഴികളെയും 6500 രൂപവിലവരുന്ന കൂടും 50 ശതമാനം സബ്സിഡി നിരക്കിലാണ് നൽകുന്നത്. 440000 രൂപ അടങ്കൽ തുകയുള്ള പദ്ധതിയിലൂടെ വനിതാ ശാക്തീകരണമാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. മട്ടുപ്പാവിലെ മുട്ട കോഴി വളർത്തൽ 2019-20 ജനകീയാസൂത്രണ പദ്ധതിയുടെ ഉദ്ഘാടനം പഞ്ചായത്ത് പ്രസിഡൻറ് പി എസ് രാധാകൃഷ്ണൻ നിർവഹിച്ചു. വാർഡ് മെമ്പർ സത്യൻ കുണ്ടായിൽ അധ്യക്ഷനായി. പഞ്ചായത്ത് അംങ്ങളായ ശുഭ സുരേഷ്, സുഭദ്ര രവി, വെറ്റിനറി ഡോക്ടർ ചെഞ്ചു മരിയ എന്നിവർ സംസാരിച്ചു.